# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3404 — 14.07.2015-ൽ മറുപടിയ്ക്ക്

## നൈപുണ്യ വികസന പദ്ധതി

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 2013-14 സാമ്പത്തികവർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കി വരുന്നു.<br>4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.<br>5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, |

| | | | |
|---|---|---|---|
| | | | ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തിവരുന്നു.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.<br>7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവ.ആയുർവ്വേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.<br>8. സംസ്ഥാനത്തെ ഗവ.പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകുന്നു.<br>9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.<br>10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിലൂടെ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. പട്ടികവർഗ്ഗക്കാരിലെ (പ്രത്യേകിച്ചും അഭ്യസ്ത വിദ്യരുടെ) തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നു.<br>2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരിക.<br>3. ഉന്നത വിദ്യാഭ്യാസത്തിലേയ്ക്കും സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിലേയ്ക്കം പട്ടികവർഗ്ഗക്കാരെ കൊണ്ടു വരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുന്നു.<br>4. സംരഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽ നിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടു വരിക.<br>5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സരക്ഷമതയും/ സാഹചര്യവും സൃഷ്ടിക്കുക.<br>6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക. |
| സി) | പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ; | സി) | ഗവ.ആയുർവ്വേദ കോളേജ്, കെൽട്രോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി കോവളം, ഗവ.പോളിടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുമായാണ് നൈപുണ്യ വികസനത്തിനായി നിലവിൽ പ്രധാനമായും സഹകരിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എ പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനു പുറമെ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്നു കാണുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ജില്ലാതല/ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കി വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ